പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1109 — 11.07.2011-ൽ മറുപടിക്ക്

## ജൈവകൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ. പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

(എ) കാർഷിക മേഖലയുടെ വളർച്ചയ്ക്കു വേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(എ) കാർഷിക മേഖലശക്തിപ്പെടുത്തുന്നതിനായി 2011-12 വർഷത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്.

എ) നെല്ല് :- നെൽകൃഷിക്ക് മുഖ്യ പരിഗണന നൽകി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതാണ്.

1. ഭക്ഷ്യ സുരക്ഷാ പദ്ധതി
2. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി
3. നെല്ല് സംഭരണം
4. നെൽകൃഷി ഇൻഷ്വറൻസ്
5. തരിശുഭൂമി കൃഷി
6. കരനെല്ല് കൃഷി
7. സൗജന്യ വൈദ്യുതി
8. ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ പദ്ധതി
9. വിത്തുൽപ്പാദന പരിപാടി

ബി) കേരകൃഷി

1. നാളികേര കർഷകർക്ക് ക്ലസ്റ്റർ രീതി സ്വീകരിച്ച് കേര കൃഷിയിൽ ഉല്പാദന വർദ്ധനവിന് ഊന്നൽ നൽകും.
2. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി
3. കേര ഇൻഷ്വറൻസ് പദ്ധതി
4. നല്ലയിനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും

സി) പച്ചക്കറി കൃഷി

1. ഹരിത സംഘങ്ങൾ മുഖേനയുള്ള പച്ചക്കറി വികസനം
2. വിലക്കയറ്റം തടയാൻ ഓണ വിപണിയും ഗ്രാമീണ ചന്തകളും

3. എല്ലാം വീട്ടിലും പച്ചക്കറി വിത്ത് കിറ്റ് വിതരണം (25 ലക്ഷം)

ഡി ) മറ്റ് പദ്ധതികൾ

1. കുട്ടനാട് മേഖലയിൽ കാർഷിക യന്ത്ര സാമഗ്രികളുടെ അപര്യാപ്തത പരിഹരിക്കാൻ കൊയ്ത്തു മെതി യന്ത്രങ്ങൾ നൽകും.

2.കോട്ടയം ജില്ലയിൽ വെച്ചൂരിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കും

3. 4 കാർഷിക മൊത്ത വ്യാപാര വിപണികളിൽ കാർഷിക ഉല്പന്നങ്ങൾ നേരിട്ട് സംഭരിക്കും

4. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 750 ഹെക്ടർ പ്രദേശത്ത് ജൈവ കൃഷി വ്യാപിപ്പിക്കും

5. ഔഷധ സസ്യകൃഷി മിഷന്റെ സഹായത്തോടെ 75 ലക്ഷം രൂപ ചെലവിൽ 500 ഹെക്ടർ സ്ഥലത്ത് ഔഷധ സസ്യകൃഷി വ്യാപിപ്പിക്കും

6. യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുവാനായി കുത്തുപറമ്പിൽ ദേശീയ ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കും.

7. കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യും

8. ആലപ്പുഴയിൽ 2000 മെട്രിക് ടൺ സംഭരണ ശേഷിയുള്ള സീഡ് ഗോഡൗൺ ആരംഭിക്കും

| | | | |
|---|---|---|---|
| (ബി) | ജൈവകൃഷി പ്രോത്സാഹിപ്പി- ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. 2011-12-ൽ സംസ്ഥാന പദ്ധതിയായ ജൈവ കൃഷി വ്യാപനത്തിനായി 500 ലക്ഷം രൂപയും കേന്ദ്രാവിഷ്കൃത ജൈവ കൃഷി പദ്ധതിയ്ക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രധാനമായി കുരുമുളക്, പച്ചക്കറി, നെല്ല് എന്നീ മേഖലകളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. കൂടാതെ ജൈവ വള നിർമ്മാണം, ഗുണനിലവാര പരിശോധന, കർഷകർക്കായുള്ള പരിശീലനം, പ്രദർശന |

ഷെഡ്ഡ് നിർമ്മാണം , ജൈവ ഉല്പന്നങ്ങളുടെ വിപണനം എന്നിവയും ഉൾപ്പെടുത്തി-യിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെ നിരീക്ഷിച്ച് പഠനം നടത്തി കർഷകരെ സഹായിക്കുന്നതിനും പുതിയ കാർഷിക രീതി പരീക്ഷിക്കുന്ന-തിനും സംവിധാനങ്ങളൊരുക്കുമോ ? | (സി) | കാലാവസ്ഥാ വ്യതിയാനം മൂലം കാർഷിക മേഖലയ്ക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെ നിരീക്ഷിച്ച് പഠനം നടത്തി കർഷകരെ സഹായിക്കുന്നതിനും പുതിയ കാർഷിക രീതി പരീക്ഷിക്കുന്നതിനുമായി 2011-12 വർഷത്തിൽ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. |

Sheely

സെക്ഷൻ ഓഫീസർ